പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 804 | 02.12.2015 -ൽ മറുപടിക്ക്

# ജീവിതശൈലീരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എ. കെ. ബാലൻ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജീവിതശൈലീരോഗ നിയന്ത്രണത്തിനു എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചതെന്ന് വ്യക്തമാക്കുമോ ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നടപ്പിലാക്കിയ ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>**1. അമൃതം ആരോഗ്യം**<br>മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുന്നതിനും, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുകയും ചെയ്യുന്ന പദ്ധതി.<br>**2. ലീപ്പ് (Life Style Education and Awareness Programme (LEAP)**<br>സ്കൂൾ കുട്ടികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് ലീപ്പ്. ജീവിതശൈലീ രോഗങ്ങൾക്കുള്ള സ്ക്രീനിംഗും, യോഗ പദ്ധതിയും ഇതിലൂടെ നടത്തി വരുന്നു.<br>**3. ഷേപ്പ് (Systematic Health Assessment for Police Personal) (SHAPE)**<br>പോലീസ് സേനയ്ക്കായി നടപ്പിലാക്കിയ പദ്ധതിയാണ് ഷേപ്പ്.<br>**4. കെയർ ഓൺ വീൽസും കെയർ ഓൺ വേവ്സും**<br>വിദൂര പ്രദേശങ്ങളിലുള്ള രോഗികൾക്ക് ജീവിതശൈലീ രോഗം നിയന്ത്രിക്കുന്നതിന് സഞ്ചരിക്കുന്ന എൻ.സി.ഡി. ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.<br>**5. ടെലിസ്ട്രോക്ക് (Telestroke)**<br>പക്ഷാഘാത ചികിത്സയ്ക്കായി ടെലിമെഡിസിൻ സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് നടപ്പിലാക്കിയ പദ്ധതി. |

(.....2)

(ബി) അമൃതം ആരോഗ്യം പദ്ധതി നടപ്പാക്കിയത് എന്ന് മുതലാണ് ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) 2010-11 വർഷത്തിൽ കേന്ദ്രം ആവിഷ്കരിച്ച പദ്ധതിയായിട്ടാണ് ജീവിതശൈലി രോഗ നിയന്ത്രണ പദ്ധതി കേരളത്തിൽ ആരംഭിച്ചത്. അഞ്ച് ജില്ലകളിൽ മാത്രം നിലവിൽ വന്ന പദ്ധതിയുടെ ചുവട് പിടിച്ച് സംസ്ഥാന ആരോഗ്യ വകുപ്പ് സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങൾക്കിടയിലും വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും 2012-ൽ 'അമൃതം ആരോഗ്യം' എന്ന പേരിൽ സംസ്ഥാന വ്യാപകമായി ജീവിത ശൈലിരോഗ നിയന്ത്രണ പദ്ധതി നടപ്പിലാക്കി.

ഈ പദ്ധതിയുടെ പ്രയോജനം എല്ലാ ജനങ്ങളിലേക്കും എത്തിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ അമൃതം ആരോഗ്യം ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. എ.പി.എൽ / ബി.പി.എൽ തരംതിരിവോ മറ്റ് മാനദണ്ഡങ്ങളോ ഈ സേവനം ലഭിക്കുന്നതിന് ബാധകമല്ല. ഇതിനു പുറമേ ഓരോ പ്രത്യേക ജനവിഭാഗത്തിനും അവർക്ക് അനുയോജ്യമായ പദ്ധതികളും അമൃതം ആരോഗ്യത്തിന് കീഴിൽ നടന്നുവരുന്നു.

സ്കൂൾ കുട്ടികൾക്കായി നടപ്പിലാക്കിയ ലീപ്പ് (LEAP), പോലീസ് സേനയ്ക്കായി നടപ്പിലാക്കിയ (SHAPE), തൊഴിൽ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർക്കായി വർക്ക്പ്ലേസ് ഇന്റർവെൻഷൻ തുടങ്ങിയ പദ്ധതികൾ ഓരോ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടിയുള്ളതാണ്. ആശ (ASHA), കുടുംബശ്രീ, ആരോഗ്യ പ്രവർത്തകർ എന്നിവരിലൂടെ ബോധവൽക്കരണവും ആരോഗ്യ വിദ്യാഭ്യാസവും നടത്തി വരുന്നു.

മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, അനാരോഗ്യകരമായ ഭക്ഷണം, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) പദ്ധതി നടപ്പാക്കുന്നതിന് എത്ര തുകയാണ് കേന്ദ്രം കഴിഞ്ഞ ഓരോ വർഷങ്ങളിലും നൽകിയത് ; ഓരോ വർഷവും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

(സി) അമൃതം ആരോഗ്യം സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ്. ഇതിന് കേന്ദ്ര ഫണ്ട് ഒന്നും തന്നെ ലഭിച്ചിട്ടില്ല.

P. Anju

സെക്ഷൻ ഓഫീസർ